**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 97**

**28.01.2019 ൽ**
**മറുപടിക്ക്**

## പൊതു നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പൊതു നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;<br><br>ബി) പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | എ) യും ബി) യും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ ട്രാഫിക് റെഗുലേഷൻ, ട്രാഫിക് മോണിറ്ററിംഗ് സിസ്റ്റം ക്യാമറകളുടെ റിപ്പയർ, റീപ്ലെയിസ്മെന്റ്, മെയിന്റനൻസ് എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പൊതു നിരത്തുകളിൽ പോലീസ് വകുപ്പിന്റെയും, വ്യാപാരി വ്യവസായികളുടെ സഹകരണത്തോടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരുടെ സഹകരണ ത്തോടെയും സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം പരിശോധിച്ച് വരുന്നതും തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് ഉടനടി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ